## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2868** **24-02-2026 - ൽ മറുപടിയ്ക്ക്**

## തൃക്കരുവ-പനയം-മൺട്രോതുരുത്ത്-പെരിനാട് സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കരുവ-പനയം-മൺട്രോതുരുത്ത്-പെരിനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ഘടക പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്നും ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (എ) | ജലജീവൻ മിഷൻ -തൃക്കരുവ, പനയം, പെരിനാട് പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു<br><br>• പെരിനാട് പഞ്ചായത്തിലേക്കുള്ള 5552 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെയും 70.80 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 1527 കണക്ഷനുകൾ നൽകിയിട്ടുണ്ട് 43.20 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്<br>• പനയം പഞ്ചായത്തിലേക്കുള്ള 5867 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെയും55.97 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും 10 ലക്ഷം ലിറ്റർ ഉള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 1388 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 37.38 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട് ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല<br>• തൃക്കരുവാ പഞ്ചായത്തിലേക്കുള്ള 2084 കുടിവെള്ള കണക്ഷനുകൾ നൽകുന്നത്തിന്റെയും 41.62 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 600 കണക്ഷനുകൾ നൽകിയിട്ടുണ്ട് 9.97 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്<br>• മൺട്രോത്തുരുത്ത് പഞ്ചായത്തിലേക്കുള്ള 60 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെയും 8 കിലോമീറ്റർ വിതരണം ശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചു. പഞ്ചായത്ത് ഹർ ഘർ ജൽ ആയി പ്രഖ്യാപിച്ചിട്ടുണ്ട്<br>• പെരിനാട് 16 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും നിർമ്മിക്കുന്ന പ്രവൃത്തിക്കായി പഞ്ചായത്തുകൾക്ക് സ്ഥലം ഏറ്റെടുത്തു നൽകുവാൻ കഴിയാതെ വന്നതിനാൽ ജലശുദ്ധീകരണശാല നിർമ്മിക്കുവാനുള്ള സ്ഥലം വെള്ളിമൺ ഭാഗത്ത് കണ്ടെത്തി ജല അതോറിറ്റിയുടെ തനത് ഫണ്ടിൽ നിന്നും 2,41,53,408 രൂപ ചെലവഴിച്ച് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ദർഘാസ് നടപടികൾ പൂർത്തീകരിച്ചു. ടി പ്രവൃത്തി 16.34 % അധികരിച്ച് കോട്ട് ചെയ്തതിനാൽ ടെണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച തുടർ നടപടികൾ WP(C) 37017/2024(B) എന്ന കേസിന്റെ അന്തിമ ഉത്തരവിന് അനുസരിച്ച് പരിഗണിക്കാവുന്നതാണ്.<br><br>തൃക്കരുവയിൽ 12 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന്റെയും നാന്തിരിക്കൽ മുതൽ പെരിനാട് ജലശുദ്ധീകരണശാല വരെ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന്റെയും പെരിനാട് ജലശുദ്ധീകരണശാല മുതൽ തൃക്കരുവ വരെ ക്ലിയർ വാട്ടർ പമ്പ് സ്ഥാപിക്കുന്നതിന്റേയും പ്രവൃത്തിക്കായി തൃക്കരുവ പഞ്ചായത്തിന് സ്ഥലം ഏറ്റെടുത്ത് നൽകുവാൻ കഴിയാതെ വന്നതിനാൽ ജല അതോറിറ്റിയുടെ തനത് ഫണ്ടിൽ നിന്നും 41,54,405 രൂപ ചെലവഴിച്ച് ജലസംഭരണി നിർമ്മിക്കുവാനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. ടി പ്രവൃത്തി 36.41 % അധികരിച്ച് ക്വട്ട് ചെയ്തതിനാൽ ടെണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച തുടർ നടപടികൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ